217/ESE/18

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ വകുപ്പ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി3-5215/2013/സിഇ/തസ്വഭവ** **തീയതി 13/07/2018**

# സർക്കുലർ

വിഷയം : തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - മികച്ചതും, വ്യത്യസ്തവും, നൂതനവും ആയി നിർവഹിച്ച പ്രവൃത്തികൾ കണ്ടെത്തുന്നത് - സംബന്ധിച്ച്

സൂചന : 19.07.2018, 24.07.2018 എന്നീ തീയതികളിൽ നടത്തുന്ന തസ്വഭവ എഞ്ചിനീയർമാരുടെ ഉത്തര / ദക്ഷിണ മേഖല യോഗം

സൂചന യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിയ മികച്ചതും, വ്യത്യസ്തവും, നൂതനവും ആയ പ്രവൃത്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നോർത്ത് / സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് സമർപ്പിക്കേണ്ടതും, സൂചന തീയതികളിൽ അതാത് മേഖലകളിൽ നടക്കുന്ന യോഗത്തിൽ ടി പ്രവൃത്തികളുടെ വിവരങ്ങൾ / photos അവതരണം / പ്രതിപാദനം നടത്തേണ്ടതുമാണ്. പ്രവൃത്തിയെക്കുറിച്ച് ഒരു ചെറുകുറിപ്പിൽ പ്രവൃത്തിയുടെ തുകം, ടി പ്രവൃത്തി മൂലം ലഭ്യമാകുന്ന പ്രയോജനങ്ങൾ, ഫണ്ട്, പ്രവൃത്തി പൂർത്തിയാക്കിയ കാലയളവ്, നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയെങ്കിൽ ആയതിന്റെ വിവരങ്ങൾ 17.07.2018-ാം തീയതി ഉച്ചയ്ക്ക് 2.00 മണിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതും, ടി കാര്യാലയത്തിൽ (ഇ-മെയിൽ മുഖാന്തിരം) അറിയിക്കേണ്ടതുമാണ്.

കോഴിക്കോട് വച്ച് നടത്തുന്ന ഉത്തരമേഖല യോഗത്തിൽ അവതരിപ്പിക്കേണ്ടുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ selsgdnckkd@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും, തിരുവനന്തപുരത്ത വച്ച് നടത്തുന്ന ദക്ഷിണമേഖല യോഗത്തിൽ അവതരിപ്പിക്കേണ്ടുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ selsgdsouth@gmail.com & aeelsgdpothencode@gmail.com എന്നീ ഇ-മെയിൽ വിലാസത്തിലും ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**ചീഫ് എഞ്ചിനീയർ**

P 927